**"CORRUPTION, A CRIME AGAINST NATION"**


വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393


തീയതി. 31 .05. 2023

**ഇലക്ട്രിക്കൽ ഇൻസ്പെക്ടർ കൈക്കൂലി വാങ്ങവേ വിജിലൻസ് പിടിയിൽ**

കോട്ടയം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ കെ.കെ. സോമനെ 10000/- രൂപ കൈക്കൂലി വാങ്ങവേ ഇന്ന് (31.05.2023) -ൽ വിജിലൻസ് പിടികൂടി.

കോട്ടയം ജില്ലയിലെ ഒരു വാണിജ്യ സ്ഥാപനത്തിനായി പണി ഏറ്റെടുത്തിട്ടുള്ള കരാറുകാരനായ പരാതിക്കാരൻ സമർപ്പിച്ചിരുന്ന ഇലക്ട്രിക്കൽ ഡ്രോയിംഗ് അപ്രൂവൽ ചെയ്യുന്നതിന് സ്ഥലപരിശോധനയ്ക്ക് പോയ സമയത്ത് കെ.കെ.സോമൻ പരാതിക്കാരനിൽ നിന്നും 10000/- കൈക്കൂലി വാങ്ങിയിരുന്നു. തുടർന്ന് ഡ്രോയിംഗ് അപ്രൂവൽ ചെയ്ത് നൽകുന്നതിന് വേണ്ടി വീണ്ടും 10000/- രൂപ കൈക്കൂലി ആവശ്യപ്പെട്ടതിനെ തുടർന്ന് പരാതിക്കാരൻ വിവരം കോട്ടയം കിഴക്കൻ മേഖല പോലീസ് സൂപ്രണ്ട് ശ്രീ. വിനോദ് കുമാറിനെ അറിയിക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം കോട്ടയം വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ. രവികുമാറിനെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം ട്രാപൊരുക്കി ഇന്ന് (31.05.2023) രാവിലെ 11.00 മണിയ്ക്ക് ഓഫീസ് റൂമിൽ വച്ച് കൈക്കൂലി വാങ്ങവേ പ്രതിയെ അറസ്റ്റ ചെയ്യുകയുമായിരുന്നു. അറസ്റ്റ് ചെയ്ത പ്രതിയെ കോട്ടയം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി ശ്രീ. രവികുമാറിനെ കൂടാതെ ഡി.വൈ.എസ്.പി ശ്രീ. വിശ്വനാഥൻ.എ.കെ, പോലീസ് ഇൻസ്പെക്ടറായ ശ്രീ.മഹേഷ് പിള്ള.ബി, ശ്രീ.പ്രദീപ്.എസ്, ശ്രീ.രമേശൻ.ജി, പോലീസ് സബ് ഇൻസ്പെക്ടർമാരായ ശ്രീ.സ്റ്റാൻലി തോമസ്, ശ്രീ. ജയ്മോൻ, സാബു, സുരേഷ് കുമാർ.ബി, പ്രദീപ്, പോലീസ് ഉദ്യോഗസ്ഥരായ ശ്രീ. അനിൽകുമാർ, ശ്രീ. ബേസിൽ.പി.ഐസക്, ശ്രീ.ഹരീസ്, ശ്രീ.സുരേഷ് ബാബു തുടങ്ങിയവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.